LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നാടൻ കലാ സംഘങ്ങളെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടുവന്ന് "ഭാരതോത്സവം" സംഘടിപ്പിച്ച് "നാനാത്വത്തിൽ ഏകത്വം" എന്ന ഭാരതീയ പാരമ്പര്യത്തിന്റെ മഹത്വം വിളിച്ചറിയിക്കാൻ സാധിച്ചു. ചരിത്രത്തിലാദ്യമായി വിദേശ നാടൻ കലാകാരൻമാരെ പങ്കെടുപ്പിച്ച് "ഇന്റർനാഷണൽ ഫോക് ഫെസ്റ്റ്" സംഘടിപ്പിച്ചു. നാടോടി വാദ്യങ്ങളേയും, ദേശീയ അന്തർദ്ദേശീയ പാരമ്പര്യ വാദ്യോപകരണങ്ങളേയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്താൻ പാലക്കാട് കൽപ്പാത്തിയിൽ 2000-ത്തോളം വാദ്യോപകരണങ്ങളുടെ മ്യൂസിയവും ഗവേഷണ കേന്ദ്രവും ആരംഭിച്ചു തിരുവിതാംകൂറിലെ നാടൻ കലകളേയും നാടോടി വിജ്ഞാനീയത്തേയും ലോകത്തിന് പരിചയപ്പെടുത്താൻ കോട്ടയത്ത് ട്രാവൻകൂർ ഫോക് വില്ലേജ് ആരംഭിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിച്ച ധീരദേശാഭിമാനികളുടെ ഓർമ്മയ്ക്കായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം നടത്തിയ വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സ്മാരക നിർമ്മാണം പൂർത്തിയായി തുറന്നുകൊടുത്തിട്ടുണ്ട്.

സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ ധനസഹായം

78 (1452) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ സർക്കാർ-അർദ്ധ സർക്കാർ സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ ധനസഹായം എത്ര കോടിയാണ്; വിശദമാക്കാമോ;

(ബി) ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച ധനസഹായ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) അതത് സാമ്പത്തിക വർഷങ്ങളിൽ പൂർത്തീകരിക്കപ്പെടാതെപോയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പൂർത്തീകരിക്കാത്ത പദ്ധതിയുടെ ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുക എത്ര കോടി രൂപയെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിനു കീഴിലുള്ള ഡയറക്ടറേറ്റുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി

79 (1453) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുത്തതിന്റെ അനുബന്ധമായി കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതിന്റെ പേരിൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് നേരിട്ട് ധനസഹായം ലഭിക്കുകയില്ല. എന്നാൽ സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ഇതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്. മലയാള ഗവേഷണ സ്ഥാപനം തുടങ്ങുക, ഗവേഷണ പ്രബന്ധങ്ങൾക്ക് ഫെല്ലോഷിപ്പ് നൽകുക, കേന്ദ്ര സർവ്വകലാശാലകളിൽ മലയാളത്തിനായി ചെയർ ആരംഭിക്കുക എന്നീ കാര്യങ്ങളാണ് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതുകൊണ്ടുള്ള ഭൗതിക നേട്ടങ്ങൾ. ഇക്കാര്യങ്ങൾ കാസർഗോഡുള്ള കേന്ദ്ര സർവ്വകലാശാലയാണ് നിർവ്വഹിക്കുന്നത്. ഇതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ ഈ സർവ്വകലാശാലയ്ക്കാണ് നൽകുക.

മലയാള ഭാഷയിൽ 100 ക്ലാസ്സിക് ഗ്രന്ഥങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. ഡി.ടി.പി.- മലയാള ഭാഷയെ സജ്ജമാക്കാനുള്ള ലാംഗ്വേജ് കംപ്യൂട്ടിങ് നടത്തുക, മൺമറഞ്ഞ ക്ലാസ്സിക് ഗ്രന്ഥങ്ങളെ പുനഃപ്രസിദ്ധീകരിക്കുക, മലയാളികളെ ഭാഷയുടെ പൈതൃകവും സംസ്കാരവും ബോധ്യപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതി വഴി ലക്ഷ്യമാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.